സൂറഃ-7

# അൽ അഅ്റാഫ്

وَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوٓا۟ أَخْرِجُوهُم مِّن قَرْيَتِكُمْ ۖ إِنَّهُمْ
أُنَاسٌ يَتَطَهَّرُونَ ﴿٨٢﴾
فَأَنجَيْنَٰهُ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٨٣﴾
وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُجْرِمِينَ ﴿٨٤﴾

**82.** പക്ഷേ, ആ ജനത്തിന്റെ മറുപടി ഇതുമാത്രമായിരുന്നു: ഇക്കൂട്ടരെ നമ്മുടെ നാട്ടിൽനിന്ന് പുറത്താക്കുവിൻ. മഹാവിശുദ്ധരായി ചമയുന്ന ആളുകളാണവർ.

**83.** ഒടുവിൽ ലൂത്വിനെയും കുടുംബത്തെയും നാം രക്ഷിച്ചു; അദ്ദേഹത്തിന്റെ ഭാര്യയെ ഒഴിച്ച്. അവൾ നാശത്തിനിരയായവരുടെ കൂട്ടത്തിലായിരുന്നു.

**84.** ആ ജനത്തിന്റെ മേലോ, നാം ഒരു പെരുമഴ വർഷിച്ചു. പാപികളുടെ പരിണതി എന്തായിരുന്നുവെന്ന് നോക്കുക!!

وَمَا كَانَ جَوَابَ قَوْمِهِۦٓ = അദ്ദേഹത്തിന്റെ ജനത്തിന്റെ മറുപടി ആയിരുന്നില്ല (ആയിരുന്നു)
إِلَّآ أَن قَالُوٓا۟ = അവർ പറഞ്ഞത് അല്ലാതെ (ഇതുമാത്രം) أَخْرِجُوهُم = അവരെ (ഇക്കൂട്ടരെ) പുറത്താക്കുവിൻ
مِّن قَرْيَتِكُمْ = നിങ്ങളുടെ (നമ്മുടെ) നാട്ടിൽനിന്ന് إِنَّهُمْ = തീർച്ചയായും അവർ أُنَاسٌ = ആളുകളാകുന്നു
يَتَطَهَّرُونَ = അവർ വിശുദ്ധി ചമയുന്നു (മഹാവിശുദ്ധരായി ചമയുന്ന) فَأَنجَيْنَٰهُ = നാം അദ്ദേഹത്തെ രക്ഷിച്ചു
وَأَهْلَهُۥٓ = അദ്ദേഹത്തിന്റെ കുടുംബത്തെയും إِلَّا ٱمْرَأَتَهُۥ = അദ്ദേഹത്തിന്റെ ഭാര്യയെ ഒഴിച്ച് كَانَتْ = അവൾ ആയിരുന്നു
مِنَ ٱلْغَٰبِرِينَ = നാശത്തിനിരയായവരിൽ പെട്ടവൾ وَأَمْطَرْنَا = നാം വർഷിച്ചു عَلَيْهِم = അവരുടെ (ആ ജനത്തിന്റെ) മേൽ
مَّطَرًا = ഒരു പെരുമഴ فَٱنظُرْ = നീ നോക്കുക كَيْفَ كَانَ = എങ്ങനെയുണ്ടായിരുന്നു (എന്തായിരുന്നു)
عَٰقِبَةُ ٱلْمُجْرِمِينَ = പാപികളുടെ പരിണതി, പര്യവസാനം

**82:** സ്വവർഗരതിക്കെതിരായി ലൂത്ത് നബി പറഞ്ഞ വാക്കുകൾ സുബോധമുള്ള മനസ്സുകളെ പിടിച്ചുകുലുക്കാനും കണ്ണു തുറപ്പിക്കാനും പര്യാപ്തമായിരുന്നു. പക്ഷേ, സ്വവർഗരതിയുടെ ലഹരിയിൽ മുങ്ങിയതുമൂലം മനസ്സിലെ സദാചാര സങ്കൽപങ്ങൾ കീഴ്മേൽ മറിഞ്ഞ ആ ജനതയിൽ അതൊന്നും ഒരു ചലനവുമുണ്ടാക്കിയില്ല. ലൈംഗിക സ്വാതന്ത്ര്യത്തെയും മൗലികാവകാശങ്ങളെയും ചങ്ങലക്കിടാൻ വരുന്ന മൗലികവാദികൾ, പിന്തിരിപ്പന്മാർ, സ്വയം വലിയ വിശുദ്ധന്മാരായി ഭാവിക്കുന്നവർ.....! ഇത്തരം തീവ്രവാദികളെ സമൂഹം പൊറുപ്പിക്കാൻ പാടില്ല. അവരെ ബഹിഷ്കരിക്കണം. നാട്ടിൽനിന്ന് ആട്ടിയോടിക്കണം - ഇതായിരുന്നു അവരുടെ പ്രതികരണം. പ്രവാചക സന്ദേശത്തിലടങ്ങിയ ധാർമിക-സദാചാര തത്ത്വങ്ങളെ കുറിച്ചോ പ്രകൃതി താൽപര്യങ്ങളെ കുറിച്ചോ ആരോഗ്യപരവും പ്രത്യുൽപാദനപരവുമായ പ്രശ്നങ്ങളെക്കുറിച്ചോ ചർച്ച ചെയ്യാൻ അവർ മുതിർന്നതേയില്ല. ഏതു സമുദായത്തിന്റെയും ധാർമിക ജീർണതയുടെ സീമന്തമാണത്. ആ വിതാനത്തിലെത്തിച്ചേർന്നവർക്ക് ഏത് ആഭാസവും അശ്ലീലവും പരിഷ്കാരത്തിന്റെ താൽപര്യമായിത്തീരുന്നു. അതു സ്ഥാപിക്കാൻ പുതിയ പുതിയ തത്ത്വശാസ്ത്രങ്ങളുണ്ടാകുന്നു, കലാ സൃഷ്ടികളുണ്ടാകുന്നു. അത്തരമൊരവസ്ഥക്കടിപ്പെട്ടവർക്ക് മൂക്കു മുറിക്കുന്നത് ഒരു വൈകൃതമായി തോന്നുകയില്ല. പ്രത്യുത മൂക്കു മുറിക്കാതിരിക്കുന്നതാകുന്നു വൈകൃതം. അവർ സമുദായത്തിന് പൊറുപ്പിക്കാനാവാത്തവരാകുന്നു. ബഹിഷ്കരിക്കപ്പെടേണ്ടവരാകുന്നു. إِنَّهُمْ أُنَاسٌ يَتَطَهَّرُونَ (അവർ വലിയ വിശുദ്ധി ചമയുന്ന ആളുകളാകുന്നു) എന്ന വാക്യം ചീഞ്ഞളിഞ്ഞ ലൈംഗിക കേളിയെ പരിഷ്കൃത സദാചാരവും പുരോഗതിയുമായി കാണാൻ കൂട്ടാക്കാത്ത വിശ്വാസികളോട് അവർക്കുള്ള പുഛത്തെയും പരിഹാസത്തെയുമാണ് പ്രകാശിപ്പിക്കുന്നത്. പരിഷ്കൃതിക്കും സ്വാതന്ത്ര്യത്തിനും വിലങ്ങുതടിയായി പഴഞ്ചൻ സദാചാര സങ്കൽപത്തിൽ അള്ളിപ്പിടിച്ചു കിടക്കുന്ന പ്രതിലോമകാരികളെ ഞങ്ങൾ പുഛിച്ചുതള്ളുന്നു എന്ന് ഘോഷിക്കുകയാണവർ.

**83:** إِنَّهُمْ أُنَاسٌ (അവർ ആളുകളാകുന്നു) എന്ന വാക്കിൽനിന്ന് ലൂത്വ് നബിയുടെ കൂടെ ഒരു സംഘം വിശ്വാസികളുണ്ടായിരുന്നു എന്നു തോന്നാവുന്നതാണ്. പക്ഷേ, സ്വന്തം

കുടുംബത്തിലുള്ളവരല്ലാതെ മറ്റാരും അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നില്ല എന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. അദ്ദേഹത്തെയും കുടുംബത്തെയും നാം രക്ഷിച്ചു (فَأَنجَيْنَـٰهُ وَأَهْلَـهُۥٓ) എന്ന വാക്യം ഈ ധാരണയെ ബലപ്പെടുത്തുന്നു. വിശ്വാസികളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിനു പുറത്തുള്ളവർ ഉണ്ടായിരുന്നുവെങ്കിൽ وَأَهْلَـهُۥٓ (അദ്ദേഹത്തിന്റെ കുടുംബത്തെയും) എന്നതിനു പകരം ومن معه (അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും) എന്നോ ومن آمن معه (അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും) എന്നോ ആയിരുന്നു പറയുക. കുടുംബത്തിൽ തന്നെ അദ്ദേഹത്തിന്റെ ഭാര്യ രക്ഷപ്പെട്ടവരിൽ ഉൾപ്പെട്ടില്ല എന്ന് തുടർന്ന് പറയുന്നുണ്ട്. ലൂത്വ് കൂടെ രണ്ട് പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നാണ് ബൈബിൾ പറയുന്നത്. അദ്ദേഹത്തിന്റെ ഭാര്യ കാഫിറതായിരുന്നുവെന്ന് ഖുർആൻ *അത്തഹ്രീം* 10-ാം സൂക്തത്തിൽ പറയുന്നു:

ضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ كَفَرُوا۟ ٱمْرَأَتَ نُوحٍ وَٱمْرَأَتَ لُوطٍ ۖ كَانَتَا تَحْتَ
عَبْدَيْنِ مِنْ عِبَادِنَا صَـٰلِحَيْنِ فَخَانَتَاهُمَا فَلَمْ يُغْنِيَا عَنْهُمَا مِنَ ٱللَّهِ شَيْـًٔا
وَقِيلَ ٱدْخُلَا ٱلنَّارَ مَعَ ٱلدَّٰخِلِينَ ﴿١٠﴾

(സത്യത്തെ നിഷേധിച്ചവർക്ക് അല്ലാഹു രണ്ട് ഉദാഹരണങ്ങൾ കാണിക്കുന്നു. നൂഹിന്റെ ഭാര്യയും ലൂത്വിന്റെ ഭാര്യയും. നമ്മുടെ രണ്ട് സച്ചരിതരായ ദാസന്മാരുടെ കീഴിലായിരുന്നു അവർ. പക്ഷേ, ഇരുവരും ആ ദാസന്മാരെ വഞ്ചിച്ചു). ഈ സ്ത്രീ ലൂത്വ് നബിയുടെ മക്കളുടെ മാതാവായിരിക്കില്ലെന്നും ആദ്യഭാര്യ മരിച്ചശേഷം വിവാഹം ചെയ്തതായിരിക്കാമെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവൾ ٱلْغَـٰبِرِينَ -ൽ പെട്ടവളായി എന്നാണ് ഇവിടെ പറയുന്നത്. പഴകി ജീർണിച്ചു, പൊടിപുരണ്ടു, നശിച്ചു, അവശിഷ്ടമായി എന്നൊക്കെ അർഥമുള്ള غبر -യുടെ കർതൃരൂപമായ غابر -ന്റെ ബഹുവചനമാണ് ٱلْغَـٰبِرِينَ . كَانَتْ مِنَ ٱلْغَـٰبِرِينَ എന്നതിന് അവൾ നശിച്ചവരിൽ ഉൾപ്പെട്ടു എന്ന അർഥമാണ് സന്ദർഭോചിതം. അവൾ സദൂമിൽ തന്നെ അവശേഷിച്ചവരുടെ കൂട്ടത്തിലായിരുന്നു എന്നും ചിലർ അർഥം നൽകിയിട്ടുണ്ട്.

ലൂത്വ് നബിയുടെ ഭാര്യ സ്വസമുദായത്തിന്റെ ധാർമിക ച്യുതി പങ്കുവെക്കുന്നവളായിരുന്നു എന്നതാണ് അവൾ ശിക്ഷയിലകപ്പെടാൻ കാരണമെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അഭിപ്രായപ്പെടുന്നു. അവൾ സദൂംകാരിയായിരുന്നുവല്ലോ. അമിതമായ വംശീയ വികാരം അവളെ സത്യത്തിൽനിന്ന് തടഞ്ഞു. ദൈവത്തിലുള്ള വിശ്വാസവും അവന്റെ വിധിവിലക്കുകളോടുള്ള വിധേയത്വവും മറ്റെല്ലാ താൽപര്യങ്ങളെയും അതിജയിച്ചുനിൽക്കുന്ന വികാരങ്ങളാകുമ്പോഴേ മനുഷ്യന് സത്യത്തിന്റെയും ധർമത്തിന്റെയും പാതയിൽ ഉറച്ചുനിൽക്കാനാകൂ. കുടുംബത്തോടോ ഗോത്രത്തോടോ സമുദായത്തോടോ ഉള്ള പ്രതിബദ്ധത ദൈവവിശ്വാസത്തെയും ഭക്തിയെയും അതിജയിച്ചാൽ പിന്നെ സത്യവും ധർമവുമൊക്കെ അവയുടെ താൽപര്യങ്ങളായിത്തീരുന്നു. അവയെല്ലാം സംരക്ഷിക്കപ്പെട്ടുകൊണ്ടുള്ള വിജയമേ അത്തരക്കാർ കാംക്ഷിക്കുന്നുള്ളൂ. യഥാർഥ ജീവിതവിജയം, അത് തേടുന്നവർക്കു മാത്രമേ നേടാനൊക്കൂ എന്നാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്. അതിന്റെ മുമ്പിൽ ഉയർന്നുവരുന്ന പ്രതിബന്ധങ്ങളെയെല്ലാം അതെത്ര തന്നെ പ്രിയപ്പെട്ടതായാലും ബലി കഴിക്കാൻ തയാറാകണം. സത്യത്തിനുവേണ്ടി എന്തും ബലികഴിക്കാനുള്ള സന്നദ്ധതയില്ലെങ്കിൽ, അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ടവരായ പ്രവാചകന്മാരുടെ മക്കളോ ഭാര്യയോ പിതാവോ ആയിരുന്നാൽ പോലും രക്ഷയില്ല. ഇബ്റാഹീം നബിയുടെ പിതാവിന്റെയും നൂഹ് നബിയുടെ ഭാര്യയുടെയും മകന്റെയും മുഹമ്മദ് നബി(സ)യുടെ പിതൃവ്യന്റെയുമൊക്കെ പരിണതി അനിഷേധ്യമായ ഈ യാഥാർഥ്യത്തെയാണ് സാക്ഷ്യപ്പെടുത്തുന്നത്.

**84:** ഇവിടെ മഴകൊണ്ടുദ്ദേശ്യം മാനത്തുനിന്നുള്ള ജലവർഷമല്ല; ചരൽക്കല്ലുകളുടെയും പാറകളുടെയും വർഷമാണ്. 'നാം അവർക്കുമീതെ തപിച്ച ശിലകൾ വർഷിച്ചു'- وَأَمْطَرْنَا عَلَيْهِمْ حِجَارَةً مِّن سِجِّيلٍ - എന്ന് സൂറഃ *അൽ ഹിജ്ർ* 74-ാം സൂക്തത്തിൽ അത് വ്യക്തമാക്കുന്നുണ്ട്. 'ധർമധിക്കാരികളിൽ ചിലരെ നാം കൽക്കാറ്റയച്ചു നശിപ്പിച്ചു' - فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا - എന്ന് സൂറഃ *അൽ അൻകബൂത്ത്* 40-ാം സൂക്തത്തിലും പ്രസ്താവിച്ചിരിക്കുന്നു. ഭീകരമായ ഒരു കൊടുങ്കാറ്റ് മലകളിൽനിന്ന് പാറകളും മരുഭൂമിയിൽനിന്ന് മണലും പറത്തിക്കൊണ്ടുവന്ന് സദൂമിനെ മൂടി. അതിനിടയിൽ പെട്ട് നാട്ടുകാർ ചതഞ്ഞും മുറിഞ്ഞും മരിച്ചു. അതോടൊപ്പം ഭൂകമ്പവുമുണ്ടായി. فَجَعَلْنَا عَـٰلِيَهَا سَافِلَهَا (നാം ആ നാടിനെ കീഴ്മേൽ മറിച്ചു) എന്ന് സൂറഃ *അൽ ഹിജ്റിൽ* അത് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. സൂറഃ *അന്നജ്മ്* 53,54 സൂക്തങ്ങളിൽ وَٱلْمُؤْتَفِكَةَ أَهْوَىٰ ﴿٥٣﴾ فَغَشَّىٰهَا مَا غَشَّىٰ (അടിമുകൾ മറിഞ്ഞ നാടിനെയും അവൻ തകർത്തു. എന്നിട്ട് അതിനെ മൂടിയതെന്തോ അത് മൂടിക്കളഞ്ഞു) എന്ന് പറഞ്ഞത് ഭൂകമ്പത്തെയും തുടർന്ന് ആ പ്രദേശത്തെ ചാവുകടൽ മൂടിയതിനെയും സൂചിപ്പിച്ചുകൊണ്ടാണെന്ന് മുഫസ്സിറുകൾ പറയുന്നു. കരയിൽ എവിടെയായിരുന്നു സദൂമിന്റെ സ്ഥാനമെന്ന് ആർക്കും തിട്ടമില്ല. ചാവുകടലിന്റെ ട്രാൻസ് ജോർദാനോട് ചേർന്നുള്ള ഭാഗമാണതെന്ന് ചിലർ പറയുന്നു. ഈ ഭാഗത്ത് കടലിനടിയിൽ നശിച്ചുപോയ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായും പറയപ്പെടുന്നുണ്ട്.

ലൂത്വ് നബിയുടെ കഥയിൽ ശ്രദ്ധേയമായ രണ്ടു സംഗതികൾ കൂടിയുണ്ട്: ഒന്ന്, മറ്റു പ്രവാചകന്മാർ ജനങ്ങളെ ഏകദൈവവിശ്വാസത്തിലേക്കും ഭക്തിയിലേക്കും ക്ഷണിച്ചുകൊണ്ട് പ്രബോധനമാരംഭിച്ചതായാണ് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളത്. ലൂത്വ് നബിയുടെ പ്രബോധനം മാത്രം അതിൽനിന്ന് ഭിന്നമായതെന്തേ? അദ്ദേഹം പ്രകൃതിവിരുദ്ധ ലൈംഗികതക്കെതിരെ ശബ്ദമുയർത്തിക്കൊണ്ടാണല്ലോ പ്രബോധനം തുടങ്ങുന്നത്. ലൂത്വ് ജനതയിൽ ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും നടമാടിയിരുന്നില്ലേ? അതോ ശിർക്കിനേക്കാൾ ഭയങ്കരമായ ദോഷമായി അദ്ദേഹം അവരുടെ ധാർമിക ജീർണതയെ പരിഗണിച്ചതാണോ? വിശദീകരണമിതാണ്: സമൂഹത്തിൽ നടമാടുന്ന തിന്മകൾ എത്ര ഗുരുതരങ്ങളാണെങ്കിലും അവക്ക് രണ്ട വസ്ഥകളുണ്ട്: ഒന്ന്, അടിസ്ഥാനപരമായി തിന്മയാണ് എന്ന വിചാരമുള്ളതോടൊപ്പം അനുവർത്തിക്കപ്പെടുന്നത്. സ്വാർഥങ്ങൾക്കടിപ്പെട്ട് ആദർശബോധമില്ലാത്തതുകൊണ്ടും ധാർമിക ധീരതയില്ലാത്തതുകൊണ്ടും ദൗർബല്യങ്ങൾ കൊണ്ടുമൊക്കെ ആളുകൾ അത് ചെയ്തുപോകുന്നു. ആദർശബോധവും ധാർമിക ധൈര്യവും പകരുന്നതിലൂടെ അവരെ സംസ്കരിക്കാം. അത്തരം ആളുകളെ ആദ്യം ബോധവൽക്കരിക്കേണ്ടത് ആദർശങ്ങളിലാണ്. രണ്ട്, പരിഷ്കാരവും ഫാഷനുമൊക്കെയായി സമൂഹം അംഗീകരിച്ച തിന്മകൾ. അവ തിന്മകളാണെന്ന ബോധം തന്നെ സമൂഹമനസ്സിൽനിന്നസ്തമിച്ചിരിക്കും. സമൂഹമനസ്സാക്ഷി അതുമായി സമരസപ്പെട്ടിരിക്കും. അത്തരം സമൂഹത്തെ സംസ്കരിക്കാനെത്തുന്ന പ്രവാചകൻ ആദ്യം നേരെയാക്കേണ്ടത് അവരുടെ വികലമായ പ്രകൃതിയെയാണ്. ലൂത്വ് നബി അഭിമുഖീകരിച്ചത് അത്തരമൊരു സമൂഹത്തെയായിരുന്നു. ശിർക്കും കുഫ്റും അതിന്റെ അനുബന്ധമായ മറ്റെല്ലാ ദോഷങ്ങളും അവരിലുണ്ടായിരുന്നുവെങ്കിലും പ്രകൃതിവിരുദ്ധ ലൈംഗികതയിലുള്ള ഭ്രമത്തിൽനിന്ന് മോചിപ്പിക്കുകയായിരുന്നു ആദ്യം ചെയ്യേണ്ടിയിരുന്നത്. ഇതിനർഥം തൗഹീദിന്റെ പ്രബോധനത്തെ അവഗണിച്ചു എന്നല്ല; ആദ്യം തൗഹീദിലേക്ക് പ്രബോധനം ചെയ്യാനുള്ള അന്തരീക്ഷം ആ സമൂഹത്തിൽ ഒരുക്കുകയായിരുന്നു അദ്ദേഹം. ഏതുകാലത്തും പ്രബോധകർ പരി

ഗണിക്കേണ്ട പ്രവർത്തനതന്ത്രമാണിത്. വിശ്വാസത്തിലൂടെ സംസ്കരണത്തിലേക്ക് എന്നതാണ് സാധാരണ രീതി. സംസ്കരണത്തിലൂടെ വിശ്വാസത്തിലേക്ക് എന്ന രീതി അവലംബിക്കേണ്ട ചില സന്ദർഭങ്ങളുമുണ്ട്. ലൂത്് നബിയുടെ ചരിത്രം അതിന്റെ ഒരുദാഹരണമാണ്.

സ്വവർഗരതി സംബന്ധിച്ച് ഇസ്‌ലാമിക ശരീഅത്തിന്റെ വിധിയാണ് സുപ്രധാനമായ മറ്റൊരു സംഗതി. ശരീഅത്ത് അത് കർശനമായി നിരോധിച്ചിരിക്കുന്നു. ഖുർആൻ അതിനെ ٱلْفَـٰحِشَـةَ (മ്ലേഛ വൃത്തി) എന്നും منكر (നീച കൃത്യം) എന്നും വിശേഷിപ്പിച്ചിരിക്കുന്നു എന്നതുതന്നെയാണതിന്റെ മുഖ്യപ്രമാണം. ഇത് നിരോധിച്ചുകൊണ്ടും ഇതിലേർപ്പെടുന്നവരെ ശപിച്ചുകൊണ്ടുമുള്ള നബിവചനങ്ങളും പലതുണ്ട്. സ്വവർഗരതിയിലേർപ്പെട്ടവർ ശിക്ഷാർഹരാണെന്ന് കർമശാസ്ത്രകാരന്മാർ ഏകകണ്ഠമായി വിധിച്ചിരിക്കുന്നു. ശിക്ഷ എന്തായിരിക്കണം എന്ന കാര്യത്തിൽ അഭിപ്രായാന്തരമുണ്ട്. വ്യഭിചാരികൾക്കുള്ള ശിക്ഷതന്നെയാണവർക്കുമുള്ളതെന്ന് ചിലർ പറയുന്നു. ഉയർന്ന കെട്ടിടത്തിൽനിന്ന് താഴേക്കെറിയുകയാണ് വേണ്ടതെന്ന് ഒരു കൂട്ടർ. അവർക്കുമീതെ മതിൽ ഇടിച്ചു വീഴ്ത്തണമെന്ന് വേറൊരു കൂട്ടർ. പശ്ചാത്തപിക്കുന്നതുവരെ തടവിലാക്കണമെന്ന് ഇനിയൊരു കൂട്ടർ. എല്ലാവർക്കും നിവേദനങ്ങളുടെ പിൻബലമുണ്ട്. പക്ഷേ ഈ നിവേദനങ്ങളെല്ലാം ദുർബലങ്ങളാണ്.

ജാഹിലിയ്യാകാലത്തും ഇസ്‌ലാമിന്റെ ആരംഭകാലത്തും സ്വവർഗരതി അറേബ്യയിൽ അത്ര പരിചിതമായിരുന്നില്ല. അബൂബക്റി(റ)ന്റെ ഭരണകാലത്ത് പേർഷ്യൻ അതിർത്തി പ്രദേശത്തായിരുന്ന ഖാലിദുബ്നു വലീദ്, ആ പ്രദേശത്ത് പുരുഷൻ പുരുഷനെ വിവാഹം ചെയ്യുന്ന സമ്പ്രദായമുള്ളതായി അറിയിച്ചു. അപ്പോൾ ഇതുസംബന്ധിച്ച ശരീഅത്ത് വിധി അന്വേഷിച്ചുകൊണ്ട് ഖലീഫ ശൂറ വിളിച്ചുകൂട്ടി. ഈ തിന്മ അറേബ്യയിൽ നേരത്തേ സുപരിചിതമായിരുന്നുവെങ്കിൽ നബി തന്നെ അതിന് ശിക്ഷ വിധിച്ചിട്ടുണ്ടാകുമായിരുന്നു. അതുണ്ടായിരുന്നുവെങ്കിൽ അബൂബക്റി(റ)ന് ഇതിന്റെ വിധി തേടിക്കൊണ്ട് ശൂറ വിളിക്കേണ്ടിവരുമായിരുന്നില്ല. അങ്ങനെ ചെയ്യുന്നവരെ കൊന്ന് ചുട്ടുകളയണമെന്നായിരുന്നുവത്രെ അലി(റ)യുടെ നിർദേശം. അബൂബക്ർ(റ) അത് സ്വീകരിക്കുകയും ഖാലിദ്(റ) നടപ്പിലാക്കുകയും ചെയ്തുവെന്നാണ് നിവേദനം. രണ്ടാം ഖലീഫ ഉമറിന്റെ കാലത്ത് ആദ്യമായി ഒരാളിൽ സ്വവർഗഭോഗക്കുറ്റം ആരോപിക്കപ്പെട്ടുവെന്നും ഉമർ ചില ഖുറൈശി യുവാക്കളോട് അയാളുമായി സമ്പർക്കമരുതെന്ന് കൽപിച്ചുവെന്നും ബൈഹഖി ആഇശ(റ)യിൽനിന്ന് നിവേദനം ചെയ്തിരിക്കുന്നു.

സ്വവർഗഭോഗി വധാർഹനാണെന്ന് സ്വഹാബത്തിന്റെ ഏകകണ്ഠമായ തീരുമാനമുള്ളതായി ഒരു പ്രസ്താവമുണ്ട്. ഇമാം മാലിക്, അഹ്മദുബ്നു ഹമ്പൽ, സുഹ്‌രി, ഇസ്ഹാഖുബ്നു റാഹവൈഹി, ശഅബി തുടങ്ങിയവർ സ്വവർഗഭോഗിക്ക് എറിഞ്ഞുകൊല്ലൽ ശിക്ഷ നിർദേശിച്ചതായി ഇമാം ബഗവി ഉദ്ധരിക്കുന്നു. അത് വ്യഭിചാരത്തിന് സദൃശമായതിനാൽ ശിക്ഷ വ്യഭിചാരത്തിന്റേതു തന്നെ എന്നാണവരുടെ ന്യായം. ഇമാം അബൂഹനീഫയും ഇമാം ശാഫിഈയും - അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയനുസരിച്ച് - അൽ മുർതദയും അൽ മുഅയ്യിദ് ബില്ലാഹിയും നിർദേശിച്ചിട്ടുള്ളത് സ്വവർഗഭോഗിയെ തഅ്സീറിന് (ഇമാമിന്/ന്യായാധിപന് ഉചിതമെന്നു തോന്നുന്ന ശിക്ഷക്ക്) വിധേയനാക്കണമെന്നാണ്. അത് കാലഘട്ടത്തിന്റെയും സാഹചര്യത്തിന്റെയും താൽപര്യമനുസരിച്ച് മാറിക്കൊണ്ടിരിക്കും. സ്വവർഗഭോഗത്തിന്റെ ശിക്ഷ തഅ്സീർ ആണെന്ന് അഭിപ്രായപ്പെടുന്നവർ അതിൽ പീഡനം ഉൾപ്പെട്ടിരിക്കണമെന്ന് ഉപാധിയുന്നയിച്ചിട്ടുണ്ട്. ഇമാം അബൂഹനീഫ തന്നെ ഈ തഅ്സീർ പ്രഹരമോ ജീവപര്യന്തം അല്ലെങ്കിൽ തൗബ ചെയ്യുന്നതുവരെ തടവോ ആവാമെന്ന് പറഞ്ഞിട്ടുണ്ട്. കേവലം ഉപദേശമോ ഒട്ടും വേദനിക്കാത്ത നടപടികളോ മതിയാവില്ല. സ്വവർഗരതിക്കാരെ തഅ്സീറിന് വിധേയരാക്കുക എന്ന അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. ആദ്യകാലത്ത് മുസ്‌ലിംകൾക്ക് അന്യമായിരുന്നുവെങ്കിലും പിൽക്കാലത്ത് ഈ സമുദായത്തിലേക്കും ഈ നികൃഷ്ടരോഗം കുടിയേറുകയുണ്ടായി. എന്നാൽ സമൂഹമനസ്സ് അതുമായി പൊരുത്തപ്പെട്ടില്ല. ഇസ്‌ലാമിലേക്കു വന്ന അനറബികളുമായുള്ള സമ്പർക്കവും അറബികളുടെ കച്ചവട-യുദ്ധ യാത്രകളുമാണ് സ്വവർഗരതിക്ക് കടന്നുവരാൻ വഴിയൊരുക്കിയതെന്ന് പറയപ്പെടുന്നു. സമൂഹത്തിന്റെ പലതലങ്ങളിലേക്കും അതെത്തിയതിന്റെ സൂചനയാണ് ഫുഖഹാക്കളുടെ കർശനമായ വിലക്കുകളിലും സ്വവർഗഭോഗികൾക്ക് കഠിനമായ ശിക്ഷ വിധിച്ചതിലും പ്രതിഫലിക്കുന്നത്. സൗന്ദര്യമുള്ള ആൺകുട്ടികളെ നോക്കുന്നത് അന്യസ്ത്രീകളെ നോക്കുന്നതുപോലെ നിഷിദ്ധമാണെന്ന് ചില പണ്ഡിതന്മാർ വിധിച്ചതിന്റെ കാരണവും അതു തന്നെ. സ്വവർഗഭോഗ താൽപര്യമുള്ളവരുടെ കാര്യത്തിൽ ആ വിധി തികച്ചും ശരിയുമാകുന്നു.

സമാപനവാക്യമായ فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُجْرِمِينَ (പാപികളുടെ പര്യവസാനം എന്തായിരുന്നുവെന്ന് നോക്കുക) ഈ സൂക്തങ്ങൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന എല്ലാവരെയും സംബോധന ചെയ്യുന്നതാണ്. മ്ലേഛമായ പാപകൃത്യങ്ങൾ പതിവാക്കുന്ന വ്യക്തിയുടെയും സമൂഹത്തിന്റെയും പര്യവസാനം ദുരന്തപൂർണമായിരിക്കുമെന്ന് അറിഞ്ഞിരിക്കുക എന്നാണതിന്റെ താൽപര്യം. അവരുടെ സംസ്കാരം ജീർണിക്കുന്നു, മൂല്യങ്ങൾ ശിഥിലമാകുന്നു, ആത്മാഭിമാനവും ധാർമികധീരതയും ചോർന്നുപോകുന്നു, ക്ഷുദ്ര വാസനകൾ വളരുന്നു, ശരീരങ്ങൾ രോഗാതുരമാകുന്നു. അതുകൊണ്ടൊന്നും പാഠം പഠിക്കുന്നില്ലെങ്കിൽ ദൈവം ഈ ഭൂമിയിൽനിന്ന് അവരെ ഉന്മൂലനം ചെയ്യുന്നു. ■